# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 3876 19.03.2018-ൽ മറുപടിക്ക്

### ദേശീയ ജാംബൂരിയ്ക്ക് വേണ്ടി അനുവദിച്ച ഫണ്ട്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ഷാഫിപറമ്പിൽ | പ്രൊഫ: സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) 2017 ജനുവരിയിൽ നടന്ന ഭാരത് സ്കൗട്ട്സ് & ഗൈഡ്സ് ദേശീയ ജാംബൂരിയ്ക്ക് വേണ്ടി അനുവദിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | എ) 2016 ഡിസംബർ 26 മുതൽ 2017 ജനുവരി 4 വരെ ഏഴ്ദിവസങ്ങളിലായി മൈസൂരിൽ നടന്ന ദേശീയ ജാമ്പൂരിയിൽ കേരളത്തിലെ 799 കുട്ടികളും 124 അദ്ധ്യാപകരുമായി 923 പേരെ പങ്കെടുപ്പിക്കുന്നതിനുള്ള ചെലവുകൾക്കായി 6,24,000/- (ആറ് ലക്ഷത്തി ഇരുപത്തി നാലായിരം) രൂപയാണ് സ്കൗട്ട് ആൻറ് ഗൈഡ് സംസ്ഥാന കാര്യാലയം മുൻകൂർ അനുവദിച്ചത്. കൂടാതെ കുട്ടികളുടെയും അഡൽട്ട് ലീഡർ മാരുടെയും മറ്റും രജിസ്ട്രേഷൻ/ ഡെവലപ്പ്മെൻറ് ഫീ ഇനത്തിൽ 4,95,390/- രൂപ(നാല് ലക്ഷത്തി തൊണ്ണൂറ്റി അഞ്ചായിരത്തി മുന്നൂറ്റി തൊണ്ണൂറ് രൂപ) ദേശീയ കാര്യാലയത്തിൽ അടയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്ലാൻഫണ്ട് ഇനത്തിൽ സർക്കാരിൽ നിന്നും 2016-17 വർഷത്തിൽ ലഭിച്ച 40 ലക്ഷം രൂപയിൽ നിന്നാണ് ഈ തുക കൈമാറിയത്. |
| ബി) ആയതിന്റെ വിനിയോഗ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ബി) കുട്ടികളുടെയും സ്റ്റാഫുകളുടെയും ഭക്ഷണം, സ്റ്റാഫുകളുടെ യാത്രാചെലവ്, പ്രോഗ്രാമുകൾക്കുള്ള മെറ്റീരിയലുകൾ തുടങ്ങിയ ആവശ്യങ്ങൾക്ക് ചെലവഴിക്കുന്നതിനാണ് മേൽപറഞ്ഞ 6,24,000/- (ആറ് ലക്ഷത്തി ഇരുപത്തി നാലായിരം) രൂപ മുൻകൂർ അനുവദിച്ചത്. പ്രസ്തുത മുൻകൂർ (അഡ്വാൻസ്) ഇതുവരെ ക്രമീകരിച്ചിട്ടില്ല. കണക്ക് ഫിനാൻസ് കമ്മിറ്റിയുടെ പരിശോധനയിലാണ്. അത് പൂർത്തിയായാലേ വിനിയോഗം സംബന്ധിച്ച അന്തിമ കണക്ക് ലഭ്യമാവൂ. |

സെക്ഷൻ ഓഫീസർ